**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4930 | 22.05.2017-ൽ മറുപടിയ്ക്ക്

## തീരദേശപാതയുടെ രൂപരേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തീരദേശപാതയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും ആരംഭിയ്ക്കുകയും കാസറഗോഡ് ജില്ലയിലെ തലപ്പാടിയിലെ കുഞ്ഞത്തൂർ എന്ന സ്ഥലത്തു അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) നാഷണൽ ഹൈവെയിൽ നിന്നും വ്യത്യസ്തമായി തീരദേശ പാത മുഖാന്തരമുള്ള നേട്ടങ്ങൾ, ജനങ്ങൾക്ക് ലഭിക്കുന്ന സേവനം എന്നിവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) തീരദേശ പാത കേരളത്തിലെ എല്ലാ ചെറുതും, വലുതുമായ നിരവധി തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു, കണ്ടെയിനറുകളുടെ സഞ്ചാരം സുഗമമാക്കുന്നു, ഭൂവിനിയോഗ ഘടന മാറുന്നതു കൊണ്ട് ഉണ്ടാകുന്ന മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, വിനോദ സഞ്ചാര വികസനം, ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കുക, തുടങ്ങി നിരവധി മേഖലകളിൽ നിർദ്ദിഷ്ട പാത മുഖാന്തരം ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നു. |
| (സി) നിർദ്ദിഷ്ട തീരദേശപാത നിർമ്മാണത്തിന് ആവശ്യമായ ചെലവ് എത്ര രൂപയാണ്; ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി കിഫ്ബിയിൽ നിന്നും ധനസഹായം ലഭ്യമാണോ; വിശദമാക്കുമോ; | (സി) നാറ്റ്പാകിന്റെ റിപ്പോർട്ട് പ്രകാരം 655.60കി.മീ. തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി ഏകദേശം 6048 കോടി രൂപയാണ് മതിപ്പ ചെലവായി കണക്കാക്കിയിരിക്കുന്നത്. കിഫ്ബി മുഖാന്തം ഫണ്ട് ലഭ്യമാക്കി തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിക്കുന്നതിനായി 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക 152) തുക വകയിരുത്തിയിട്ടുണ്ട്. തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത |

| | |
|---|---|
| | അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖാന്തിരം ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) പ്രസ്തുത പദ്ധതിക്കെതിരെ തീരദേശവാസികളിൽ നിന്നും എതിർപ്പുണ്ടായിട്ടുണ്ടോ; എങ്കിൽ അവർ ഉന്നയിക്കുന്ന ആവലാതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) ഇതു വരെ തീരദേശ വാസികളിൽ നിന്നും എതിർപ്പൊന്നും ഉണ്ടായിട്ടില്ല. മാത്രമല്ല കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനു വേണ്ടി നാറ്റ്പാക്ക് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിലവിലുള്ള തീരദേശ റോഡ് ശൃംഖലയെ സംയോജിപ്പിച്ച് കൊണ്ടായിരിക്കും ഈ സംസ്ഥാനപാത രൂപം കൊള്ളുക. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ലകൾ | പാത |
|---|---|
| തിരുവനന്തപുരം | പൂവാർ-പൂവാർ ബീച്ച് -അടിമലത്തുറ -ചൊവ്വര-കോവളം- തിരുവല്ലം -വലിയതുറ - എയർപോർട്ട് കവല-ശംഘുമുഖം- വേളി- പെരുമാതുറ-കായിക്കര -ഒന്നാംപാലം- ചിലക്കൂർ-വർക്കല - കാപ്പിൽ |
| കൊല്ലം | കാപ്പിൽ - തെക്കുംഭാഗം - മണിയംകുളം പാലം - പൊഴിക്കര - പൊഴിക്കര അമ്പലം - മയ്യനാട് ബീച്ച് - കൊല്ലം ബീച്ച് റോഡ് - തങ്കശ്ശേരി - തിരുമുല്ലവാരം - നീണ്ടകര - ചവറ ഐ ആർ ഇ റോഡ് കവല - പണിക്കർകടവ് - അഴീക്കൽ - വലിയഴീക്കൽ . |
| ആലപ്പുഴ | വലിയഴീക്കൽ - തോട്ടപ്പള്ളി - പായിക്കുളങ്ങര - ആലപ്പുഴ ബീച്ച് - ആലപ്പുഴ ബൈപാസ് (സർവീസ് റോഡ് ) - എസ് എച്ച് ബൈപാസ് ക്രോസിങ് - സെന്റ്. ജോർജ് പള്ളി കവല - സൗത്ത് ചെല്ലാനം |
| എറണാകുളം | സൗത്ത് ചെല്ലാനം - സൗദി കവല - ഫോർട്ട് കൊച്ചി - ഫോർട്ട് വൈപ്പിൻ - മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് പുതുവൈപ്പ് ബീച്ച് വഴി - ഗവ. ഫിഷ് ഫാം - മുനമ്പം - അഴീക്കോട് (മുനക്കൽ ബീച്ച് ) |
| തൃശ്ശൂർ | അഴീക്കോട് - നാലുമാക്കൽ - കാര - ഒട്ടുകടവ് ബീച്ച് - ദുബായ് റോഡ് കവല - സ്നേഹതീരം - വാടാനപ്പള്ളി ബീച്ച് - ഫിഷിങ് ഹാർബർ , അഞ്ചാംകല്ല് - മുനക്കക്കടവ് ബീച്ച് - അഞ്ചങ്ങാടി കടപ്പുറം - സിങ്കപ്പൂർ പാലസ് കവല |
| മലപ്പുറം | സിങ്കപ്പൂർ പാലസ് കവല - പൊന്നാനി ഓൾഡ് എൻ എച്ച് കവല - ഹാർബർ ഗേറ്റ് - പടിഞ്ഞാറേക്കര - കൂട്ടായി - ഒട്ടുംപുറം - കെട്ടുങ്ങൽ - അരിയല്ലൂർ ബീച്ച് - അരിയല്ലൂർ മുദിയം ബീച്ച് - ജമലുല്ലൈലി - കടലുണ്ടി പാലം |
| കോഴിക്കോട് | കടലുണ്ടി -ചാലിയം - ഓൾഡ് ഫറോക്ക് ബ്രിഡ്ജ് ജംഗ്ഷൻ - മറീന കൺവെൻഷൻ സെന്റർ മധുര ബസാർ - ബേപ്പൂർ LPS കവല - ബേപ്പൂർ HS കവല - കല്യാണി ഹോട്ടൽ കവല (ടിപ്പു സുൽത്താൻ റോഡ് - ചുള്ളിക്കാട് - കോഴിക്കോട് ബീച്ച് - പുതിയനിരത്ത് , വെങ്ങളം - പൊയിൽക്കാവ് - കൊയിലാണ്ടി ഫിഷിങ് ഹാർബർ - നന്തി ബീച്ച് - കോളാവിപ്പാലം - കോട്ടക്കൽ - സാൻഡ് ബാങ്ക്സ് - കുരിയാടി - പുഴിത്തല |
| കണ്ണൂർ | പുഴിത്തല മുഴപ്പിലങ്ങാട് - മുഴപ്പിലങ്ങാട് ബീച്ച് - എടക്കാട് - കുറുവ - പ്രഭാത് ജംഗ്ഷൻ - പയ്യാമ്പലം - നീർക്കടവ് - ചാൽ - അഴീക്കൽ - മാട്ടൂൽ സൗത്ത് - പുതുവളപ്പ് - പാലക്കോട് - രണ്ടുതെങ്ങ് - വലിയപറമ്പ |
| കാസറഗോഡ് | വലിയപറമ്പ ബീച്ച് -വലിയപറമ്പ - അഴിമുഖം -വഴിതല -അജാനൂർ കടപ്പുറം -നോർത്ത് കോട്ടച്ചേരി - കാപ്പിൽ , ബേക്കൽ - ഉദുമ - ചെമ്പരിക്ക ബീച്ച് - കീഴൂർ ബീച്ച് -കാസറഗോഡ് ഹാർബർ - CPCRI ബീച്ച് - പണിക്കുന്നു - അരിക്കാടി ഫസ്റ്റ് ഗേറ്റ് - ഷിറിയ - ഷിറിയ ജുമാ മസ്ജിദ് - മുട്ടം ജുമാ മസ്ജിദ് - ഉപ്പള ഗേറ്റ് - പൊസ്സു - ഹൊസബെട്ടു - കണ്വതീർത്ഥ - കുഞ്ചത്തൂർ , തലപ്പാടി |

സെക്ഷൻ ഓഫീസർ